(ഇ) 'ബി' 'സി' വിഭാഗങ്ങളുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പ്രസ്തുത സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കണമെന്ന ആവശ്യം അംഗീകരിക്കുക വഴി അമിതമായ സാമ്പത്തികഭാരമുണ്ടാവുമെന്നതിനാൽ സർക്കാർ ആ നിർദ്ദേശം ഇതിനകം തന്നെ നിരസിക്കുകയുണ്ടായി. വിദ്യാർത്ഥികളിൽനിന്നും ഫീസ് പിരിച്ച് പ്രസ്തുത സ്കൂളുകൾ നിലനിറുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പരിശോധിക്കാവുന്നതാണ്.

147 (3158) സ്കൂളുകളിൽ പുതിയ പാഠ്യവിഷയങ്ങൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു തലത്തിൽ ഏതെല്ലാം വിഷയങ്ങളാണ് ഇപ്പോൾ പഠിപ്പിക്കുന്നത്;

(ബി) ഫിലോസഫി/ലോജിക്/സൈക്കോളജി തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ;

(സി) സ്കൂൾതലത്തിലും മോറൽ ഫിലോസഫി, ലോജിക്, ഹോംസയൻസ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമോ?

ഉത്തരം

(എ) ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, കന്നഡ, അറബിക്, സംസ്കൃതം, ഉറുദു, ഫ്രഞ്ച്, ലാറ്റിൻ, സിറിയക്, ജർമൻ എന്നീ ഭാഷകളും ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ജ്യോഗ്രഫി, കോമേഴ്സ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, കംപ്യൂട്ടർ സയൻസ്, ഹോം സയൻസ്, മ്യൂസിക്, ജിയോളജി, സ്റ്റാറ്റിസ്റ്റിക്സ്, ഗാന്ധിയൻ സ്റ്റഡീസ് എന്നീ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്.

(ബി) പ്ലസ് ടൂവിൽ ഏതൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്തണമെന്നു തീരുമാനിക്കുന്നത് ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള കരിക്കുലം കമ്മിറ്റിയാണ്.

(സി) ഈ വിഷയങ്ങൾ പ്രതിപാദിക്കുന്ന വിവിധ പാഠഭാഗങ്ങൾ നിലവിലുള്ള പാഠപുസ്തകങ്ങളിൽ ഇപ്പോൾത്തന്നെ ഉണ്ട്.

148 (3160) ഉച്ചക്കഞ്ഞി വിതരണത്തിന് ചെലവായ തുക

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനായി ഇക്കഴിഞ്ഞ അദ്ധ്യയനവർഷം സർക്കാർ എത്ര രൂപ ചെലവഴിച്ചു;

(ബി) എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly